**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4839** **02-07-2024 - ൽ മറുപടിയ്ക്ക്**

**പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നെന്മാറ മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രീ മെട്രിക് ഹോസ്റ്റലുകൾ നിലവിൽ ഇല്ല.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നെന്മാറ മണ്ഡലത്തിൽ നിലവിൽ ഉള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് ആവശ്യാനുസരണം സൗകര്യങ്ങൾ ഒരുക്കി നൽകുന്നുണ്ട്. ഹോസ്റ്റലുകൾക്ക് ആവശ്യമായ ഫർണ്ണിച്ചറുകൾ, കിടക്കകൾ, തലയിണകൾ മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ട്. മുതലമട പ്രീ മെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റ പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അയിലൂർ പ്രീ മെട്രിക് ഹോസ്റ്റലിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട് . |
| (ബി) | നിലവിൽ ഓരോ പ്രീമെട്രിക് ഹോസ്റ്റലുകളിലേയും കുട്ടികളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ? | (ബി) | 1. പ്രീ മെട്രിക് ഹോസ്റ്റൽ, മുതലമട (ബോയ്സ്) -50 കുട്ടികൾ<br><br>2. പ്രീ മെട്രിക് ഹോസ്റ്റൽ, സുങ്കം (മിക്സഡ്) - 25 കുട്ടികൾ<br><br>3. പ്രീ മെട്രിക് ഹോസ്റ്റൽ, അയിലൂർ (ഗേൾസ്) - 45 കുട്ടികൾ |

സെക്ഷൻ ഓഫീസർ